**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 857** **26-07-2021 - ൽ മറുപടിയ്ക്ക്**

**മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചത് എന്നാണ്; ആർക്കൊക്കെ ഇതിൽ അംഗമാകാൻ കഴിയും; അറിയിക്കുമോ; | (എ) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തനം തുടങ്ങിയത് 16/8/1985 ലാണ്. 18 നും 60 നും മധ്യേ പ്രായമുള്ള സ്വകാര്യ മോട്ടോർ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. |
| (ബി) | ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപ് പ്രവർത്തിച്ചിരുന്ന ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായവരെ പുതിയ ക്ഷേമനിധിയിൽ അംഗമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ; | (ബി) | 1991 ലാണ് കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിൽ വന്നത്. എന്നാൽ 1985-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി 2005-ൽ പരിഷ്കരിക്കുകയും ആയതിൽ ആട്ടോറിക്ഷാ തൊഴിലാളികളെ കൂടി ഉൾപ്പെടുത്തിയിട്ടുമുണ്ട്. 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | മോട്ടോർ അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്ന സ്കാറ്റേഡ് തൊഴിലാളികൾക്ക് ഇപ്പോൾ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകിയിട്ടുണ്ടോ; ഇവരുടെ ഉടമാവിഹിതം ക്ഷേമനിധിയിൽ അടയ്ക്കാൻ കഴിയാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 14/8/2020 തീയതിയിലെ സ.ഉ(സാധാ)നം. 811/2020/ തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് കൂടി കോവിഡ് ധനസഹായമായി 1000/- രൂപ നൽകുവാൻ അനുമതി നല്കിയതിന്റെ അടിസ്ഥാനത്തിൽ 44956 സ്കാറ്റേർഡ് തൊഴിലാളികൾക്ക് അംഗത്വം നൽകി 4,49,56,000 രൂപ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ഇത്തരം തൊഴിലാളികളിൽ ഉടമാ വിഹിതം അടവാക്കാത്തവരിൽ നിന്നും 3 മാസത്തിനകം ഉടമാ വിഹിതം അടപ്പിയ്ക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി തൊഴിലാളികളിൽ നിന്നും ഉടമാ വിഹിതം അടപ്പിയ്ക്കുന്നതിനുള്ള നടപടികൾ ബോർഡ് |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നുണ്ട്. 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ സംയോജിപ്പിക്കുന്നതിൽ തീരുമാനമാകുന്ന മുറക്ക് ആക്ടിലും ചട്ടത്തിലും ഭേദഗതി വരുത്തുന്നത് അലോചിക്കുന്നതാണ്. |
| (ഡി) | ഇവ പരിഹരിക്കുന്നതിന് ആക്ടിലും ചട്ടത്തിലും ഭേദഗതികൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ? | (ഡി) | 14/8/2020 തീയതിയിലെ സ.ഉ(സാധാ)നം. 811/2020/ തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് കൂടി കോവിഡ് ധനസഹായമായി 1000/- രൂപ നൽകുവാൻ അനുമതി നല്കിയതിന്റെ അടിസ്ഥാനത്തിൽ 44956 സ്കാറ്റേർഡ് തൊഴിലാളികൾക്ക് അംഗത്വം നൽകി 4,49,56,000 രൂപ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ഇത്തരം തൊഴിലാളികളിൽ ഉടമാ വിഹിതം അടവാക്കാത്തവരിൽ നിന്നും 3 മാസത്തിനകം ഉടമാ വിഹിതം അടപ്പിയ്ക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി തൊഴിലാളികളിൽ നിന്നും ഉടമാ വിഹിതം അടപ്പിയ്ക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ സംയോജിപ്പിക്കുന്നതിൽ തീരുമാനമാകുന്ന മുറക്ക് ആക്ടിലും ചട്ടത്തിലും ഭേദഗതി വരുത്തുന്നത് അലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ